

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SURESH A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/01/2025

1. രണ്ടു വർഷത്തിനകം എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്നും എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുമെന്നും മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. കുലശേഖരപുരം ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. സി.ആർ മഹേഷ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

2. ഹോർട്ടികോർപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പഴം, പച്ചക്കറി, മറ്റു മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി ജില്ലയിൽ 15 ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി പത്തിനകം അപേക്ഷിക്കണം. വിശദ വിവരത്തിന് ഫോൺ: 9495781246,9447686555,9847957351.

3. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ ചിപ്പിക്കൂൺവിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട് . കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ് .

**പരിശീലന പരിപാടി**

4. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ CAITT (സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ) *ഫെബ്രുവരി 1 ശനിയാഴ്ച* രാവിലെ 10 മണി മുതൽ *ജൈവവളം, ജൈവ കീടനാശിനി, ബയോകൺട്രോൾ ഏജന്റുകൾ എന്നിവയുടെ നിർമ്മാണവും ഉപയോഗവും* എന്ന വിഷയത്തിലും, *ഫെബ്രുവരി 7 വെള്ളിയാഴ്ച* രാവിലെ 10 മണി മുതൽ *ചെറുധാന്യങ്ങൾ: കൃഷിയും മൂല്യവർദ്ധനവും* എന്ന വിഷയത്തിലും ഏകദിന പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.. വൈകുന്നേരം 5 മണി വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നത്. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

5. മലപ്പുറം തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പട്ടികജാതി ഉപ പദ്ധതി (SCSP) യുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സംയോജിത കീട-രോഗ നിയന്ത്രണം- നെല്ല്, തെങ്ങ്, വാഴ എന്ന വിഷയത്തിൽ ഈ മാസം 30-ന് (30-01-2025) സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. താല്പര്യമുള്ള കർഷകർ 28-01-2025 തീയതിക്കുള്ളിൽ 8547193685 നമ്പറിൽ ഫോൺ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ട്രെയിനിങ് ന് വരുമ്പോൾ ജാതി (SC) തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാറിന്റെ പകർപ്പ് (നിർബന്ധമായും) കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് ട്രെയിനിങ് കിറ്റ് നൽകുന്നതാണ്.

6. മണ്ണുത്തി സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്ടറി സയൻസിൽ ഫെബ്രുവരി 27 ന് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9495333400 എന്ന നമ്പറിൽ ബന്ധപ്പെടുക

7. റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഗ്രാജുവേറ്റ് ട്രെയിനിയെയും ഫാക്കൽറ്റി ട്രെയിനിയെയും താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) നടത്തുന്നു. 'ഗ്രാജുവേറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രെയിനി' തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കെമിസ്ട്രിയിൽ ബിരുദമോ പോളിമർ സയൻസ്/പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. 'ഫാക്കൽറ്റി ട്രെയിനി' എന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പോളിമർ ടെക്നോളജിയിലോ റബ്ബർ ടെക്നോളജിയിലോ ബി.ടെക് / എം.ടെക് ബിരുദം ഉള്ളവരായിരിക്കണം. 2025 ജനുവരി 01 -ന് പ്രായം 30 വയസ്സ് കവിയരുത്. ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2025 ഫെബ്രുവരി 05-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353326, 2353327

**കാർഷിക നിർദ്ദേശം**

8. വിഷു വിപണി കണക്കാക്കി കൃഷിയിറക്കിയ മത്തൻ, വെള്ളരി, കുമ്പളം, പാവൽ, പടവലം എന്നീ പച്ചക്കറി വിളകൾക്ക് കൂടുതൽ വിളവ് ലഭ്യമാക്കുന്നതിനുവേണ്ടി മണ്ണിര കമ്പോസ്റ്റ്, മറ്റ് ജൈവവളങ്ങൾ എന്നിവയുടെ കൂടെ സ്യൂഡോമോണാസ് ചേർത്തു കൊടുക്കാം. കൂടാതെ കായീച്ച ശല്യം ഉണ്ടാകാതിരിക്കാൻ കേടുവന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 7 എണ്ണം ഒരു ഏക്കറിന് എന്ന തോതിലും കൂടാതെ തുളസി/പഴക്കെണികൾ ഉപയോഗിക്കുന്നതും നല്ലതാണ്. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം ശർക്കര കൂടി ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം.